**REHABILITATION PLANTATIONS LIMITED**
**(A Joint Venture of India Govt. of Kerala)**
**Regd. Office: Punalur -691305-, Kollam District**
**Kerala**
**Tel: 0475-2222971, 72, 73; Fax: 2223866**
E-mail:mdrplpunalur@gmail.com www.rplkerala.com

An ISO 9001 & 14001 Company Tel:Office:0475-2222971, 2222972, 2222973

CONDITIONS ATTACHED TO THE TENDER-CUM-AUCTION SALE VIDE NOTIFICATION NO:RPL/SALES/7033/2025-26/777 DT.08/07/2025

**ദർഘാസ് ലേലത്തിലൂടെ കമ്പനിയുടെ താഴെപറയുന്ന വാഹനങ്ങൾ വിൽക്കുന്നതിനും തുടർന്ന് കമ്പനി വാടകക്ക് എടുക്കുന്നതിനുമുള്ള ദർഘാസ്/ലേല നിബന്ധനകളും വ്യവസ്ഥകളും**

| SL No | Registration No. | Type of vehicle | Location | Maker | Model | EMD |
|---|---|---|---|---|---|---|
| 1 | KL-25-B-4327 | Tempo | Kulathupuzha Estate | Ashok Leyland | 2010 | Rs.20000 |
| 2 | KL-25-B-2562 | Pick up | Ayiranalloor Estate | Mahindra & Mahindra | 2010 | Rs.10000 |
| 3 | KL-25-B-4307 | Platform lorry | Factory Complex | Ashok Leyland | 2010 | Rs.20000 |

1. ദർഘാസിൽ പങ്കെടുക്കുന്ന വ്യക്തി/സ്ഥാപനം ദർഘാസ് സമർപ്പിക്കുന്നതിനോ ദർഘാസ്/ലേലത്തിൽ പങ്കെടുക്കുന്നതിനോ മുൻപായി വാഹനങ്ങൾ പരിശോധിച്ച് അതിന്റെ അവസ്ഥ സ്വയം ബോധ്യപ്പെടേണ്ടതാണ്. ദർഘാസ് ലേലത്തിന് ശേഷം വാഹനത്തിന്റെ അവസ്ഥയെ കുറിച്ചുള്ള യാതൊരു പരാതിയും കമ്പനി സ്വീകരിക്കുന്നതല്ല.
2. വാഹനം മുകളിലെ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന കമ്പനിയുടെ എസ്റ്റേറ്റുകളിൽ എല്ലാ പ്രവർത്തി ദിവസങ്ങളിലും രാവിലെ 8 മുതൽ 11 വരെയും വൈകുന്നേരം 4 മുതൽ 5 വരെയും പരിശോധനക്ക് ലഭ്യമാണ്. പ്രസ്തുത സമയത്ത് ദർഘാസ്/ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് വാഹനം പരിശോധിക്കാവുന്നതാണ്.

3. ദർഘാസ് ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ 18.07.2025 ഉച്ചക്ക് 1.30 ന് മുൻപായി എല്ലാ പേജിലും ഒപ്പിട്ട ദർദാസ്/ലേല വ്യവസ്ഥകളോടൊപ്പം ഓരോ വാഹനത്തിനും ഉള്ള നിരതദ്രവ്യം അടക്കം ഓഫർ സമർപ്പിക്കേണ്ടതാണ്. നിരതദ്രവ്യം ഇല്ലാത്ത ടെൻഡറുകൾ  സ്വീകരിക്കുന്നതല്ല. നിരതദ്രവ്യം അടക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ ലേലഹാളിൽ പ്രവേശിപ്പി ക്കുന്നതല്ല. ടെൻഡർ ഉറപ്പിച്ചു നൽകുന്ന വ്യക്തി/സ്ഥാപനത്തിന്റെ നിരതദ്രവ്യം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ക്രമീകരിക്കുന്നതാണ്.
4. ലേലം 18.07.2025 ഉച്ചക്ക് 2 മണിക്ക് ആരംഭിക്കും. ക്ലോസ് (3) പ്രകാരം ലഭിക്കുന്ന ടെൻഡറുകൾ ലേലത്തിന് ശേഷം തുറക്കുന്നതായിരിക്കും. സാധാരണയായി ലേലത്തിലോ ടെൻഡറിലോ ലഭിക്കുന്ന തുക ഏതാണോ ഉയർന്നത് അത് പ്രസ്തുത വയക്തിയുടെ പേരിൽ സ്ഥിരീകരിക്കുന്നതായിരിക്കും. എന്നിരുന്നാലും കമ്പനിയുടെ മാനേജിങ് ഡയറക്ടർക്ക് ഒരു കാരണവും കൂടാതെ ഏതൊരു ടെൻഡറും നിരസിക്കുന്നതിനും സ്ഥിരീകരിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതും അദ്ദേഹത്തിന്റെ തീരുമാനം അന്തിമവും ആയിരിക്കും.
5. ലേലത്തിൽ/ദർഘാസിൽ പങ്കെടുക്കുന്ന വ്യക്തി/സ്ഥാപനത്തിന് വാഹനം വാങ്ങുന്നതിനും തിരികെ കമ്പനിക്ക് വാടകക്ക് നൽകുന്നതിനുമുള്ള അവരുടെ നിരക്കുകൾ സമർപ്പിക്കേണ്ടതാണ്. അതായത് :-
   (1) കമ്പനിയിൽ നിന്നും വാഹനം ടെൻഡറിലൂടെ വാങ്ങുവാൻ ഉദ്ദേശിക്കുന്ന വില
   (2) വാഹനം കമ്പനിക്ക് തിരികെ വാടകക്ക് നൽകുവാൻ ഉള്ള പ്രതിമാസ വാടക നിരക്ക് (ഡ്രൈവർ ഒഴികെ)

ഓഫർ പ്രകാരമുള്ള വാങ്ങൽ വിലയും പ്രതിമാസ വാടക നിറക്കും തമ്മിലുള്ള അനുപാതത്തെ അടിസ്ഥാനമാക്കിയാണ് ലേലം അന്തിമമാക്കുന്നത്, ഏറ്റവും കുറഞ്ഞ അനുപാതം വാഗ്ദാനം ചെയ്യുന്ന വ്യക്തി/സ്ഥാപനത്തെ തിരഞ്ഞെടുക്കുന്നതാണ്.

6. ഏറ്റവും ഉയർന്ന ടെൻഡർ സമർപ്പിക്കുന്ന വ്യക്തി/സ്ഥാപനത്തിന് കമ്പനിയുടെ രേഖാമൂലമുള്ള അനുമതിയില്ലാതെ അവരുടെ ഓഫർ പിൻവലിക്കുവാൻ സാധിക്കുന്നതല്ല.
7. ഓഫർ പ്രകാരമുള്ള തുക അടക്കുന്ന സമയത്ത് ബാധകമായ നിരക്കിലുള്ള GST യും മറ്റ് നികുതിയും ഉണ്ടെങ്കിൽ ആയത് വാഹനം വാങ്ങുന്ന വ്യക്തി സ്ഥാപനം അടക്കേണ്ടതാണ്. ടെൻഡറിൽ രേഖപ്പെടുത്തുന്ന തുക നികുതികൾ ഒഴികെ ഉള്ളതായിരിക്കണം.
8. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത വ്യക്തി/സ്ഥാപനം  ടി തുകയുടെ 1/3 ഭാഗം ടെൻഡർ/ലേലം കഴിഞ്ഞ ഉടൻ തന്നെ കമ്പനിയിൽ അടക്കേണ്ടതാണ്. കൂടാതെ

കമ്പനിയിൽ നിന്ന് സ്ഥിരീകരണം കിട്ടുന്ന തീയതി മുതൽ 7 ദിവസത്തിനകം ബാക്കി തുക നികുതി ഉൾപ്പെടെ അടക്കേണ്ടതാണ്. മുകളിൽ പറഞ്ഞ പ്രകാരമുള്ള തുക അടയ്ക്കുന്നതിൽ ടി വ്യക്തി/സ്ഥാപനം പരാജയപ്പെട്ടാൽ ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത വ്യക്തി/സ്ഥാപനംന്റെ നിരതദ്രവ്യം കണ്ടുകെട്ടുകയും യാതൊരു അറിയിപ്പും കൂടാതെ ടി യാളുടെ പൂർണ്ണ നഷ്ടോത്തരവാദിത്വത്തിലും ചിലവിലും വാഹനം വിൽക്കുകയും വാടകയ്ക്ക് എടുക്കുകയും ചെയ്യുന്നതാണ്. കൂടാതെ ഇപ്രകാരം വീഴ്ച വരുത്തുന്ന വ്യക്തി/സ്ഥാപനത്തെ കമ്പനി കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതും ആയിരിക്കും.

9. ഏറ്റവും ഉയർന്ന തുക വാഗ്ദാനം ചെയ്ത വ്യക്തി/സ്ഥാപനം വാഹനത്തിന്റെ 1/3 തുക അടച്ച ഉടൻ തന്നെ ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം തിരികെ നൽകുന്നതാണ്.
10. ക്ലോസ് (8) പ്രകാരം ഏറ്റവും ഉയർന്ന ലേലക്കാരൻ /ടെൻഡറർ തുക അടക്കുന്നതിൽ പരാജയപ്പെട്ടാൽ ലേല നടപടികളെ ബാധിക്കാതെ ക്ലോസ് (8) ൽ പറഞ്ഞതുപോലെ ഉള്ള തുക അടക്കുവാൻ രണ്ടാമത്തെ ലേലക്കാരനോടോ/ ടെൻഡറോഡോ ആവശ്യപ്പെടുവാൻ കമ്പനിക്ക് അവകാശമുണ്ട്.
11. വാങ്ങുന്ന ആൾ വകുപ്പ് (8) പ്രകാരമുള്ള സ്വീകാര്യത ഉത്തരവ് അഥവാ സ്ഥിരീകരണ കത്ത് ലഭിച്ച് (7) ദിവസത്തിനകം മുഴുവൻ തുകയും അടച്ച് സ്വന്തം ചിലവിൽ വാഹനം നീക്കം ചെയ്യേണ്ടതാണ്. തുടർന്ന് വാഹനത്തിന് ആവശ്യമായ അറ്റകുറ്റപണികൾ നടത്തിയത്തിന് ശേഷം വാഹനം കമ്പനിയിൽ നിന്നും കൊണ്ടുപോയ തീയതി മുതൽ 15 ദിവസത്തിനകം തിരികെ വാടക കരാർ പ്രകാരം കരാറുകാരന്റെ ചിലവിൽ വാഹനം കമ്പനിയിൽ തിരികെ എത്തിക്കേണ്ടാതാണ്. അല്ലാത്ത പക്ഷം വാങ്ങുന്ന ആളുടെ നഷ്ടോത്തരവാദിത്വത്തിൽ വാഹനം വിൽക്കുന്നതാണ്. വാഹനം വിൽക്കുന്നതിനായി റീ ടെൻഡർ നടത്തേണ്ടി വന്നാൽ പരസ്യ ചാർജ് ഉൾപ്പെടെ പുനർ വിൽപ്പനയുമായി ബന്ധപ്പെട്ട് കമ്പനി വഹിക്കുന്ന മറ്റ് എല്ലാ ചിലവുകളും വീഴ്ച വരുത്തിയ കരാറുകാരൻ വഹിക്കേണ്ടതാണ്. വീഴ്ച വരുത്തിയ കരാറുകാരൻ വാഹനത്തിന്റെ യഥാർത്ഥ ടെൻഡറിൽ കിട്ടിയ വിലയേക്കാൾ എന്തെങ്കിലും തുക കൂടുതൽ കിട്ടിയാൽ കൂടുതലുള്ള തുകക്ക് അർഹനല്ല.
12. വാഹനം വാടകക്ക് എടുക്കുന്ന കാര്യത്തിൽ ഡ്രൈവർ ഇല്ലാതെ ഡ്രൈ ലീസ് മാത്രമേ അനുവദിക്കൂ. ഈ ക്രമീകരണ പ്രകാരം ഡ്രൈവറുടെ ശമ്പളവും ഇന്ധന ചിലവും കമ്പനി വഹിക്കും. എന്നാൽ വാഹനവുമായി ബന്ധപ്പെട്ട മറ്റ് എല്ലാ ചിലവുകളും (റിപ്പയർ & മെയിൻറ്റനൻസ്) വാഹന ഉടമ വഹിക്കേണ്ടതാണ്.

13. വാടക കരാർ കാലാവധി ഉടമ്പടി തീയതി മുതൽ ഒരു വർഷത്തേക്ക് ആയിരിക്കും. കമ്പനി ആവശ്യപ്പെടുന്ന പക്ഷം കരാർ കാലാവധി അതേ നിരക്കിലും വ്യവസ്ഥകളിലും നീട്ടാവുന്നതാണ്.
14. കമ്പനി സ്ഥിരീകരണ ഉത്തരവ് നല്കുന്നതോടുകൂടി കരാർ നിലവിൽ വരുന്നതായിരിക്കും. ഏതെങ്കിലും കാരണവശാൽ കരാറുകാരൻ കമ്പനിയുമായി ഉള്ള കരാർ തീരുന്നതിന് മുൻപായി വാഹനം കമ്പനിയിൽ നിന്നും മാറ്റിയാൽ നിശ്ചിത സമയത്ത് വാഹനം ഓടിക്കാൻ കഴിയാതെ വരുന്ന പക്ഷം ബദൽ സംവിധാനം കരാറുകാരൻ തന്നെ ഏർപ്പെടുത്തേണ്ടതും അതുമൂലമുണ്ടാകുന്ന സകലവിധ ചെലവുകളും കരാറുകാരൻ തന്നെ വഹിക്കേണ്ടതുമാണ്. തുടർച്ചയായി ഒരാഴ്ചയിൽ കൂടുതൽ വാഹനം ഓടിക്കാൻ കഴിയാതെ വന്നാൽ അത് കരാർ ലംഘനമായി കണക്കാക്കുന്നതും, കരാർ റദ്ദാക്കുന്നതും, security deposit തുക കമ്പനിയിലേക്ക് കണ്ടുകെട്ടുന്നതും കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ബദൽ സംവിധാനം ഏർപ്പെടുത്തുന്നതുമായിരിക്കും. ഇപ്രകാരം ഉണ്ടാകുന്ന നഷ്ടം ഈടാക്കുന്നതിനായി നിയമനടപടികൾ (റവന്യൂ റിക്കവറി ഉൾപ്പെടെ) സ്വീകരിക്കുവാൻ കമ്പനിക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.
15. ടെൻഡറിൽ വിജയിച്ച് വാഹനം കമ്പനിയിൽ നിന്നും കൊണ്ടുപോയതിന് ശേഷം ഉപയോഗിക്കുന്നതിന് മുൻപായി വാങ്ങുന്ന ആൾ/സ്ഥാപനം വാഹനത്തിന്റെ ഉടമസ്ഥാവകാശം സ്വന്തം ചിലവിൽ അയാളുടെ പേരിൽ മാറ്റേണ്ടതാണ്. വാഹനത്തിന്റെ വാടക കരാർ നിലവിൽ വരുമ്പോൾ ആർ.സി. ബുക്കിന്റെ ശരിപകർപ്പ്, നിയമാനുസൃതമായ ടാക്സി പെർമിറ്റ് വാഹനത്തിന്റെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ്, ഇൻഷ്വറൻസിന്റെ കോപ്പി മുതലായവ കമ്പനിയിൽ ഹാജരാക്കേണ്ടത്. മോട്ടോർ വാഹന നിയമവും ചട്ടങ്ങളും പാലിക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
16. PAN Card/Election Identity Card/Driving License/Passport ഇവയിൽ ഏതിന്റെ എങ്കിലും സ്വയം സാക്ഷ്യപ്പെടുത്തിയ കോപ്പി തിരിച്ചറിയലിനുവേണ്ടി ടെൻഡറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. 2025-26 വർഷത്തെ വസ്തുവിന്റെ കരം അടച്ച രസീതിന്റെ കോപ്പി ഹാജരാക്കേണ്ടതാണ്.
17. ഓരോ മാസവും കരാറുകാരൻ അതാതു മാസത്തെ ബില്ലുകൾ കോൺട്രാക്റ്റിൽ പറയുന്ന അധികാരികൾക്ക് ലോഗ് ബുക്ക് സഹിതം സമർപ്പിക്കേണ്ടതാണ്. അതാതു സമയത്ത് ബാധകമായ നികുതികൾ അടക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.
18. ടെൻഡർ ദിവസം അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം ടെൻഡറിൽ പറഞ്ഞിരിക്കുന്ന സ്ഥലത്തും സമയത്തും ടെൻഡർ നടത്തുന്നതാണ്.
19. മുൻ നോട്ടീസ് ഇല്ലാതെയും കാരണം കാണിക്കാതെയും കമ്പനിക്ക് യുക്തമെന്ന് തോന്നുന്ന പക്ഷം ഉടമ്പടി റദ്ദാക്കാനുള്ള പൂർണ്ണ അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.
20. കരാറുകാരൻ വാഹനത്തിന്റെ നമ്പർ പ്ലേറ്റുകളുടെ സമീപത്തായി "ON CONTRACT WITH RPL" "ആർ.പി.എൽമായിട്ടുള്ള കരാറിൽ" എന്ന ബോർഡ് പ്രദർശിപ്പിക്കേണ്ടതാണ്.

21. ടെൻഡറിൽ രേഖപ്പെടുത്തിയ തുകയും ലേലത്തുകയും തുല്യമായി വന്നാൽ കരാർ ഉറപ്പിക്കുന്നത് സംബന്ധിച്ച് മാനേജിംഗ് ഡയറക്ടറുടെ തീരുമാനം അന്തിമമായിരിക്കും.
22. വിൽപ്പന സ്ഥിരീകരിച്ച തീയതി മുതൽ വാഹനം വാങ്ങുന്ന വ്യക്തി സ്ഥാപനം സ്വന്തം ചിലവിൽ വാഹനത്തിന്റെ ഇൻഷുറൻസും മറ്റ് നികുതികളും അടക്കേണ്ടതാണ്. കൂടാതെ വാഹനം കമ്പനിയിൽ നിന്നും വിട്ടുകൊടുക്കുന്നതിന് മുൻപായി ടി രേഖകളുടെ പകർപ്പുകൾ കമ്പനിയിൽ ഹാജരാക്കേണ്ടതാണ്.
23. കമ്പനിയിൽ നിന്ന് വാഹനം ഡെലിവറി ചെയ്യുന്നതിന് മുൻപ് വാങ്ങുന്ന ആൾ വാഹനവുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങൾ പാലിക്കേണ്ടതാണ്.
24. കരാറുകാരന്റെ വാഹനം എന്തെങ്കിലും കാരണത്താൽ കമ്പനി ആവശ്യത്തിന് ഓടാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ കമ്പനിയിൽ വാഹനത്തിന് ബദൽ സംവിധാനം ലഭ്യമാക്കേണ്ടതാണ്.
25. ടെൻഡർ/ലേലവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തർക്കം ഉണ്ടായാൽ ആയതിന്റെ വ്യവഹാര പരിധി പുനലൂർ കോടതി മാത്രമായിരിക്കും.

**ഒപ്പ്**

പുനലൂർ **മാനേജിങ് ഡയറക്ടർ**

08.07.2025

**REHABILITATION PLANTATIONS LTD**
**PUNALUR - 691 305**
**TENDER FORM**

TENDER-CUM-AUCTION NOTIFICATION NO.RPL/F-7033/2025-26/777 Dtd.08/07/2025

**TENDER DT: 18/07/2025**

1. Name and Address of the Tenderer :
2. Telephone No. :

| Sl. No. | Particulars | Rate Quoted | | | |
|---|---|---|---|---|---|
| | | Purchase price of the Vehicle | | Monthly lease Rate | |
| | | Figures (₹) | Words | Figures (₹) | Words |
| 1 | KL-25-B-4327 Tempo | | | | |
| 2 | KL-25-B-2562 Pick up | | | | |
| 3 | KL-25-B-4307 Platform Lorry | | | | |

**Goods & Service Tax:**
**All Vehicle : 18% Extra**

I/We hereby accept all the terms and conditions attached herewith in connection with the sale and hiring of vehicle mentioned above.

Place: Signature:

Date: Name: